# സി.കെ. ഗോവിന്ദൻ നായർ (1897–1964)

**മ**ധ്യവലതുപക്ഷമെന്ന രാഷ്ട്രീയപ്രകൃതം സൂക്ഷിക്കുന്നതിന് എല്ലാക്കാലത്തും മത-സാമുദായിക ശക്തികളുമായി ഒത്തുതീർപ്പ് നടത്തുകയും സഖ്യത്തിലേർപ്പെടുകയും ചെയ്തുപോന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സാമുദായികശക്തികളുമായുള്ള ബന്ധം എന്തായിരിക്കണമെന്ന് കൃത്യമായി നിർവചിച്ച നേതാവും, രാജ്യസഭാംഗവും മുൻ കെപിസിസി പ്രസിഡന്റുമായ സി.കെ.ജി. എന്ന സി.കെ. ഗോവിന്ദൻ നായർ തലശ്ശേരിയിൽ ജനിച്ചു. ബ്രണ്ണൻ കോളേജ് വിദ്യാർത്ഥിയായിരിക്കുമ്പോൾ സമരം ചെയ്തതിന് പുറത്താക്കപ്പെട്ടു. ചെന്നൈ ക്രിസ്ത്യൻ കോളേജിലും പച്ചൈയപ്പാസ് കോളേജിലും വിദ്യാഭ്യാസം. നിയമബിരുദധാരിയായിരുന്നു. ഗാന്ധിജിയുൾപ്പെടെയുള്ള ദേശീയസ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെ നേതാക്കളോടൊപ്പം അടുത്തു പ്രവർത്തിച്ചു. ന്യൂനപക്ഷരാഷ്ട്രീയശക്തികളുടെ സമ്മർദനിലപാടുകളെ എന്നും വിമർശിച്ചുപോന്ന സി.കെ.ജി 1950 ൽ കെ. കേളപ്പനെ തോൽപിച്ചാണ് കെപിസിസി പ്രസിഡന്റായത്. സെക്രട്ടറിയായും പ്രവർത്തിച്ചു.. 1942 ലെ തെരഞ്ഞെടുപ്പിൽ കൊയിലാണ്ടിയിൽ നിന്ന് വിജയിച്ചിരുന്നു. 1952 ൽ കോൺഗ്രസ് പിളർന്നതിനെത്തുടർന്ന് കേളപ്പന്റെ നേതൃത്വത്തിൽ കിസാൻ മസ്ദൂർ പ്രജാ പാർട്ടി രൂപം കൊണ്ടപ്പോൾ കോൺഗ്രസിനൊപ്പം പ്രവർത്തകരെ ഉറപ്പിച്ചു നിർത്താൻ പ്രയത്നിച്ചു. ആദ്യ പാർലമെന്റ് തെരഞ്ഞെടുപ്പിൽ എ.കെ.ജിയുടെ എതിർ സ്ഥാനാർത്ഥിയായിരുന്നു. ആദ്യ ഇ.എം.എസ് സർക്കാരിന്റെ കാലത്ത് വീണ്ടും തടങ്കലിലായി. അറുപതുകളിൽ കോൺഗ്രസ് പ്രവർത്തക സമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട 1964 ൽ രാജ്യസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടു. ●

വര: **വിനീത് എസ്. പിള്ള**

**ക**ണ്ണൂർ മുതൽ കോഴിക്കോടു വരെ അച്ഛനു സ്വത്തുക്കളുണ്ടായിരുന്നു. അന്നത്തെ കണക്കിൽ തന്നെ കോടിക്കണക്കിന് രൂപയുടെ മൂല്യം വരും അതിന്. തലശ്ശേരിയിലെ കേളോത്ത് തറവാട്ടിലെയായിരുന്നു അച്ഛൻ. മരിക്കുമ്പോൾ അച്ഛന് ഒരിഞ്ചു ഭൂമിപോലും സ്വന്തമായുണ്ടായിരുന്നില്ല. സഹായം അഭ്യർത്ഥിച്ചു വരുന്നവർ ആരായാലും അദ്ദേഹം സാമ്പത്തികമായും ഭൗതികമായും സഹായിക്കും. അങ്ങനെ വിറ്റുതീർത്തതാണ് സ്വത്തൊക്കെയും. അതിൽ ഞങ്ങൾക്കാർക്കും പരിഭവം ഇല്ല. അന്നു മരുമക്കത്തായം ആയിരുന്നു. അമ്മയുടെ സ്വത്തുക്കൾ ഞങ്ങൾക്കുണ്ടായിരുന്നു. അതിൽ കൈകടത്താൻ അച്ഛൻ ശ്രമിച്ചില്ല. അതേസമയം, ഞങ്ങൾ മക്കളെ പഠിപ്പിക്കാനും അദ്ദേഹം തന്നെയാണ് പണം തന്നത്. ഞാനും എന്റെ സഹോദരനും ലയോള കോളേജിലാണ് പഠിച്ചത്. അന്ന് എന്റെ മെസ് ബില്ല് തന്നെ മാസം 240 രൂപ വരുമായിരുന്നു. അതെല്ലാം അച്ഛനാണ് വഹിച്ചത്.

ഞങ്ങൾക്ക് വാത്സല്യനിധിയായ അച്ഛനായിരുന്നെങ്കിലും പൊതുജീവിതത്തിൽ കടുപ്പക്കാരനായിരുന്നു അദ്ദേഹം. ശത്രുക്കളും മിത്രങ്ങളുമായിരുന്നു അദ്ദേഹത്തെ നയിച്ചിരുന്നത്. കെ. കേളപ്പനെതിരെ കെ.പി.സി.സി. പ്രസിഡന്റ് സ്ഥാനത്തേക്കു മത്സരിച്ചു പലതവണ തോറ്റപ്പോഴും അച്ഛൻ കുലുങ്ങിയില്ല. ആർജവം ഒട്ടും ചോരാതെ അദ്ദേഹം സംഘടനാ പ്രവർത്തനത്തിൽ തുടർന്നു. ഒടുവിൽ കേളപ്പനെ തോൽപ്പിക്കുകയും ചെയ്തു. അധികാര രാഷ്ട്രീയത്തിൽനിന്ന് അകന്നുനിന്നെങ്കിലും സംഘടനാ രാഷ്ട്രീയം അച്ഛന് പ്രാണവായുവായിരുന്നു. സംഘടനയ്ക്കുവേണ്ടി അദ്ദേഹം ഓടിനടന്നു. എല്ലാം ത്യജിച്ചു. ഔദ്യോഗിക പദവികൾ വേണമായിരുന്നെങ്കിൽ അച്ഛന് ബ്രിട്ടീഷ് സർക്കാരിൽ തന്നെ അതു നോക്കാമായിരുന്നു. അതെല്ലാം ഒഴിവാക്കിയാണ് അദ്ദേഹം ദേശീയ പ്രസ്ഥാനത്തിൽ ചുവടുറപ്പിച്ചത്. അച്ഛൻ അടിയുറച്ച സോഷ്യലിസ്റ്റ് ആയിരുന്നു. അതേസമയം, കമ്മ്യൂണിസ്റ്റുകളുടെ ഏകാധിപത്യത്തെ എതിർക്കുകയും ചെയ്തിരുന്നു. ഒരിക്കൽ പയ്യന്നൂരിൽ കമ്മ്യൂണിസ്റ്റുകളുടെ ഒരു സംഘം അച്ഛനെ തടഞ്ഞു. പിണറായി വിജയനായിരുന്നു സംഘത്തിന്റെ നേതാവ്. അന്നു വിജയന് 18 വയസ്സു കാണും. അവർ അച്ഛന്റെ ജുബ്ബാ വലിച്ചുകീറി. പിന്നീട് പലപ്പോഴും ഭീഷണിയുണ്ടായെങ്കിലും കയ്യേറ്റം ഉണ്ടായില്ല. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ സെക്രട്ടറിയായിരുന്നു അച്ഛൻ. ഇന്ന് കമ്മ്യൂണിസ്റ്റുകൾ അത് അംഗീകരിക്കില്ല. ചരിത്രത്തിൽനിന്നുപോലും അത് എടുത്തുമാറ്റി. അന്ന് അച്ഛൻ സെക്രട്ടറിയും പി. കൃഷ്ണപിള്ള ജോയിന്റ് സെക്രട്ടറിയും ഇ.എം.എസ്. അംഗവുമായിരുന്നു. ഇന്ന് ചരിത്രത്തിൽ കൃഷ്ണപിള്ളയുടെയും ഇ.എം.എസ്സിന്റെയും പേരു മാത്രമേയുള്ളൂ. അന്ന് അവരുടെ യോഗത്തിൽ കെ. ദാമോദരൻ എന്നൊരാൾ അച്ഛനെ അടിക്കാൻ എഴുന്നേറ്റു. അച്ഛനും ജുബ്ബയുടെ കൈ തെറുത്തു കയറ്റി എഴുന്നേറ്റു. ദാമോദരൻ അവിടെ ഇരുന്നു. അതായിരുന്നു അച്ഛൻ. അച്ഛൻ ഉണ്ടായിരുന്നപ്പോഴത്തെ കോൺഗ്രസ്സും ഇന്നത്തെ കോൺഗ്രസ്സുമായി അജഗജാന്തരമുണ്ട്. ഇന്ന് എല്ലാം നാമനിർദേശമല്ലേ? അന്ന് മത്സരമായിരുന്നു. അന്നത്തെ നേതാക്കൾ പ്രസ്ഥാനത്തിനുവേണ്ടിയാണ് പ്രവർത്തിച്ചത്. ഇന്ന് ആ തത്വസംഹിത പാർട്ടിക്ക് നഷ്ടപ്പെട്ടു. 67 വയസ്സുവരെയേ അച്ഛൻ ജീവിച്ചു. അച്ഛൻ ജീവിച്ചതിനേക്കാൾ 20 വർഷം കൂടുതൽ ഞാൻ ജീവിച്ചു. ഇത്രയുംനാൾ ജീവിച്ചത് അച്ഛനായിരുന്നെങ്കിൽ നാടിന് ഗുണമുണ്ടാകുമായിരുന്നു എന്നു പലപ്പോഴും തോന്നിയിട്ടുണ്ട്. സി.കെ.ജിക്കുശേഷം അത്തരം ഒരു നേതാവിനെ മലബാറിനു ചൂണ്ടിക്കാട്ടാനാവില്ല. ത്യാഗംകൊണ്ടു കെട്ടി ഉയർത്തിയതാണ് കേരള രാഷ്ട്രീയത്തിൽ അദ്ദേഹത്തിന്റെ നെടുംകോട്ട. ●

*സി.കെ. ഗോവിന്ദൻ നായരെക്കുറിച്ച് മകൻ പ്രൊഫ. എ. രാമൻ അനുസ്മരിച്ചത്. (കടപ്പാട്: മലയാള മനോരമ, 26, ജൂൺ, 2014)*